**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3267** **13-07-2022 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിലെ തെലുങ്കർ കോളനിയിലെ പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വടക്കാഞ്ചേരി മണ്ഡലത്തിലെ കുമരനെല്ലൂർ വില്ലേജിലെ തെലുങ്കർ കോളനിയിലെ 41 താമസക്കാർക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ? | (എ) | തൃശ്ശൂർ ജില്ല തലപ്പിള്ളി താലൂക്ക് കുമരനെല്ലൂർ വില്ലേജ് തെലുങ്കർ കോളനിയിൽ വീട് വെച്ച് താമസിച്ചു വരുന്ന 41 കുടുംബങ്ങൾക്ക് പട്ടയം നൽകുന്ന 41 പ്രൊപ്പോസലുകളിലെയും പഴയ സർവ്വെ നമ്പരുകൾ പതിവു ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലം നേരിൽ പരിശോധിച്ചതിലും അപേക്ഷകർ പട്ടയം ലഭിക്കുന്നതിന് അർഹതയുള്ളവർ ആണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത കുടുംബങ്ങൾ ഒന്നും തന്നെ 01.08.1971 ന് മുൻപ് അപേക്ഷാഭൂമി കൈവശം വെച്ച് വരുന്നില്ല.41 പ്രൊപ്പോസലുകളിൽ 16 പ്രൊപ്പോസലുകളിലെ അപേക്ഷാഭൂമി റീ സർവ്വെ ബി ടി ആർ പ്രകാരം "സർക്കാർപാറ" എന്ന് രേഖപ്പെടുത്തിയിട്ടുള്ളതായി തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ ഖനന സാധ്യത സീനിയർ ജിയോളജിസ്റ്റ് മുഖേന പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് തലപ്പിള്ളി തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. പാറപുറമ്പോക്ക് ഇനത്തിൽപ്പെട്ട ഭൂമിയിൽ നിലവിലും പതിവ് നടപടികൾ സ്വീകരിക്കാവുന്നതാണോ എന്ന വിഷയത്തിൽ എ. ജി. യുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ (എ) വകുപ്പിലെ A5/108/2020/RD നമ്പർ ഫയലിൽ പരിശോധനയിലാണ്. ആയതിൽ തീരുമാനമാകുന്ന മുറയ്ക്കും , 1/8/1971 ന് ശേഷം ഭൂമി കൈവശം വച്ച് വരുന്നവർക്ക് പട്ടയം അനുവദിക്കുന്ന വിഷയത്തിൽ തീരുമാനമാകുന്ന മുറയ്ക്കും പട്ടയം നൽകുന്ന വിഷയം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ